T 61
M79

1891
CANC
F126

# വെള്ളിക്കതിർ

T61
M79

T61
M79

സി. കുമാരൻ മൂസ്സതു്.
ജെ. മീനാട്ടൂർ.
ഡി. സെബാസ്ത്യൻ തകടിയേൽ.

1891
CANCELLED
2
T61
M79

# വെള്ളിക്കതിർ

ഗ്രന്ഥകർത്താക്കൾ:

സി. കുമാരൻ മൂസ്സതു്, ബി.എസ്.സി.
(ഓണേഴ്സ്)

ജെ. മീനാട്ടൂർ, എം. എ.

ഡി. സെബാസ്റ്റ്യൻ തകടിയേൽ, എം. എ.

[പകർപ്പവകാശം]

1119

DHARMARAM COLLEGE LIBRARY, BANGALORE.
4205

S. J. O. PRESS, CHANGANCHERRY.

# സമർപ്പണം

ചങ്ങനാശേരി രൂപതയുടെ മെത്രാൻ

നിതാന്തവന്ദ്യദിവ്യശ്രീ

**ഡോക്ടർ ജയിംസ് കാളാശേരി**

തിരുമനസ്സിലെ,

പൗരോഹിത്യരജതജൂബിലി

സ്മാരകമായി,

ഈ ലഘുഗ്രന്ഥത്തെ

അവിടുത്തെ തൃപ്പാദങ്ങളിൽ

ഗ്രന്ഥകർത്താക്കൾ

ഭക്ത്യാദരപുരസ്സരം സമർപ്പിച്ചുകൊള്ളുന്നു.

# കൂപ്പുകൈ

കൃസ്ത്യർക്കൊക്കെയുമത്രയല്ലിതരരാം
നാട്ടാർക്കു കൂടിസ്വയം
ഹൃത്തട്ടിൽ ചിരവർത്തിയായ പുളകം
ചാർത്തുന്ന പുണ്യോത്സവം
സെൻബർക്ക്മാൻസുകലാലയത്തൊടുയിരും
മെയ്യുംപകുപ്പോർക്കെഴും
ഭാഗ്യം;ജ്യേംസ്തിരുമേനിജൂബിലിദിനം
നാമിന്നുകൊണ്ടാടിടാം.

1

പൂമൊട്ടൊക്കെ വിടർന്നിടട്ടെ; വിലസീ-
ടട്ടെ നവംപൂമണം
പൂശും തെന്നൽ; മുഴക്കിടട്ടെ വിജയം
കല്ലോലലോലാംഗികൾ;
വാനത്തിൽ ചൊരിയട്ടെ മംഗളകളാ—
ലാപങ്ങൾ പുംസ്കോകിലം;
വാനോർ വാഴ്ത്തിടുമെൻ ജയിംസ്തിരുമന-
സ്സിൻ ജൂബിലീനാളിതിൽ!

2

വെള്ളിത്തൊങ്ങലണിഞ്ഞു കേരമരവും;
പൂഞ്ചോലവെള്ളിപ്പത-
ച്ചാർത്തും, നീരദമങ്ങുവെള്ളിമഴയും
പെയ്യുന്നനേരത്തുതാൻ

വാനം വെള്ളിനിറത്തിൽ വെൺകുടപിടി-
ച്ചീടുന്നി, തിന്നാട്ടുകാർ
വെള്ളിപ്പാവുമുടുത്തു; വിശ്വമഖിലം
തൂവെള്ളി തൂകുന്നിതോ?

3

പാടുന്നു കവികോകിലങ്ങൾ ഗുണപൗ—
ഷ്കല്യങ്ങൾ; സൽക്കീർത്തിധാ—
വല്യം ചെറവുകുറിച്ചിടുന്നു ശശിയൊ-
ട്ടാനന്ദ സുസ്മേരനായ്;
വാനം നിൻ മഹിമയ്ക്കെഴും വിപുലത-
യ്ക്കററം കണക്കാക്കുവാ-
നാവില്ലെന്നു വിദൂരമൂകനിലകൈ-
ക്കൊൾവൂ ഭയസ്തബ്ധനായ്!

4

ആറേ, നീ തെളിവാണ്ടു നില്പൂ,കവിടേ-
യ്ക്കുള്ളോരു ചിത്തം കണ്ണ;
ക്കോമൾ പിച്ഛകമേ, പരത്തു മണമീ
മെത്രാന്റെ സൽക്കീർത്തിപോൽ;—
തങ്കം തഞ്ചിന ബാലസൂര്യ, വിതറൂ
നിൻ കാന്തിയിദ്ധന്യനു-
ള്ളൗദാര്യം പടി; യാടിടട്ടെ തിരയി-
ട്ടിറ്യന്റെ നമ്മോക്തിപോൽ!

5

ആനന്ദത്തിരയിൽ കളിപ്പു നരഹൃ—
ത്തെന്നപാട്ടു; മങ്ങേയ്ക്കെഴും
സെൻബക്ക്മാൻസിത, സുന്ദരാകൃതിയണ—
ഞ്ഞുള്ളോരു സൽപുത്രിപോൽ

വീണ്ടും നൂതന 'ശാസ്ത്രശാഖകൾ' ലഭി-
ക്കാമെന്ന പ്രത്യാശയോ—
ടങ്ങിൽ ത്താനിവൾ ചായ്ച്ചിടുന്നിതവൾ തൻ
സാക്രുതനേത്രങ്ങളേ!

6

സെൻ ബൎക്ക്മാൻസു തുടിപ്പിതങ്ങയുടെയാ
ജീവസ്സു കൊ,ണ്ടാമ്പൽപോൽ
ധാവള്യം തടവുന്നതങ്ങയുടെയാ
പൊൻകീൎത്തിതൻ കന്ദളം!
ഇക്കാണുന്ന കലാലയം വളരുവാൻ
താങ്ങും തണൽപ്പാടുമെൻ
മെത്രാനച്ചനെഴും നിസൎഗ്ഗ ഗുണമാ—
മൗദാൎയ്യമൊന്നല്ലയോ?

7

ഇത്രയ്ക്കൊന്നൊരതിൎത്തിയില്ലവരെയും
വിദ്യാസുധാധാരയ-
ങ്ങെത്രത്തോളമശിച്ചിടാൻ കഴിയുമ-
ങ്ങെത്രയ്ക്കുമുട്ടന്നൊരാൾ;
മിത്രം ലോകമിതൊക്കെയെന്ന പടിവാ—
ണീടും ജയിംസാഭിധൻ
മെത്രാനച്ചനു നൽകിടട്ടെ വിജയം
ശ്രീ യേശുനാഥൻ ചിരം!

8

വേണാട്ടിൽ പല ദിക്കിലായ് ചിതറിനോ—
രീബാല ഹൃത്തൊക്കെയോ—
ന്നോണം ചേലൊടിണക്കിയായവയിലായ്
സംസ്കാര നൽ വിത്തുകൾ

പാകം, ഞാറു പറിച്ചുനട്ടു, വിള കാ,—
ത്താ മൃപ്പുനോക്കി, ശ്ശരി—
ക്കാകും പോലെ ഫലങ്ങൾ കൊയ്തലകിനൊ—
ട്ടപ്പിപ്പതങ്ങല്ലയോ? 9

കണ്ടാലാരെയുമങ്ങടൻ തല നമി—
പ്പിച്ചീട്ടുമാ പ്രൌഢി,നേർ—
നോട്ടം, കണ്ണട, യക്കഷെണ്ടി, കുടവഡ്ഢി—
ക്കെട്ടു്, വാർന്നെററിയും,
മെത്രാനൊത്തൊരുടുപ്പു, മാറിടമണി—
ഞ്ഞീടുന്ന പൊൻമാലയും,
തങ്കത്തിൻ കുരിശ്ശും ധരിച്ചമരുമി—
ദ്ദിവ്യൻ ജയിച്ചീടണം! 10

കന്യാസ്ത്രീമഠപംക്തി, വൈദികർ വസി—
ച്ചീടുന്ന പുണ്യാശ്രമം,
വിദ്യാത്ഥീസദനങ്ങൾ, കർഷകരമ—
ന്നീടുന്ന മാടങ്ങളും,
വാണിജ്യപ്രമുഖൻെറ ഹർമ്മ്യനിരയും,
ദേവാലയൗഘങ്ങളും,
മെത്രാൻ ജേംസിനുവേണ്ടിയൈക്യനിലയിൽ
നേരുന്നിതാശിസ്സുകൾ. 11

ഹൃത്തേ, നേരുക മംഗളങ്ങൾ; കരമേ,
നീ കൂപ്പിനിന്നീടുകെൻ—
മെത്രാനച്ചനുവേണ്ടി,യെന്നധരമേ,
നാമം ജപിച്ചീടുക;

കാതേ, കേൾക്കു ജയിംസ് തിരുമന-
സ്സിൻകീർത്തി പാടുന്നു;തേ-
റേറാതാനെൻരസനേ, തുനിഞ്ഞിടുക;ഞാ-
നെങ്കിൽ ത്രിലോകം ഭാഗ്യവാൻ!

12

പൂവിൽ സുമണമെന്നപോലെ, ശശിയിൽ
പാൽച്ചന്ദ്രികച്ചാറുപോൽ,
തേനിൽ മാധുരിയെന്നപോൽ നിലയണ-
ഞ്ഞീ ചങ്ങനാശേരിയിൽ
വാണീടും തിരുമേനി കൊല്ലമിരുപ—
ത്തഞ്ചോളമിന്നേക്കിതാ
പൗരോഹിത്യപദം വരിച്ചുതികയു-
ന്നല്ലോ മഹാഭാഗ്യവും!

13

ചൊല്ലുന്നു ഘടി, കല്ലമഞ്ചിരുപതോ-
ടഞ്ചും മുറയ്ക്കാണ്ടുകൾ
പൗരോഹിത്യ പദത്തിൽ വാണു വിരവോ-
ടിന്നാട്ടിലെന്നാകിലോ
ഞങ്ങൾക്കായതു പത്തു കൊച്ചുനിമിഷം
പോലേ പറന്നുള്ളതായ്
തോന്നുന്നു, തിരുമേനിതന്നെയിനിയും
നീണാൾ ഭരിച്ചീടണം!

14

മുമ്പങ്ങുന്നൊരു തീർത്ഥയാത്ര തുടരാൻ
ഭാവിച്ചൊരാത്തക്കമാ
ചെമ്പൊൽക്കാലടി തൊട്ടു ഭവ്യതയണ-
ഞ്ഞീടുന്നൊരവ്വേളയിൽ

ഓളക്കൈകളനേകമെത്തിയനുമോ-
ദിച്ചീടുമാ ഭാഗ്യമാ-
ർന്നുള്ളാ കപ്പലി, നന്നണഞ്ഞ സുഖമി-
ന്നാഹാ! കൊതിയ്ക്കുന്നു ഞാൻ!

15

ബുദ്ധിക്കൊത്തൊരു വിദ്യ, നിത്യനഗര-
ത്തിൽച്ചെന്നു മാപ്പാപ്പതൻ
മുഖ്യാശിസ്സുകളന്നേറ്റു, മദ്ഗുരുപദം
നൽകുന്ന ഹൃൽപകത.
പൗരോഹിത്യമണച്ചിടും ഹൃദയസം-
സ്കാരം, സ്വതസ്സിദ്ധമാ-
മുല്ലാസം, ഫലിതോക്തി,യെന്നിവയിൽ ഞാ-
നേതാദ്യമോതീടണം!

16

അജ്ഞാനാന്ധതയിൽകിടന്നു നരകി-
ച്ചീടുന്നവർക്കെത്രയും
വിജ്ഞാനം വിതറുന്നതാമൊരു വിള-
ക്കിന്നാട്ടിലായ് നീട്ടുവാൻ
ഭാഗ്യം നേടിന പുണ്യപൂരുഷനൊരാൾ
മെത്രാച്ചനാണെന്നെഴും
സത്യാവസ്ഥയെ സാഭിമാനമുരചെ-
യ്തീടാം നമുക്കൊക്കെയും!

17

സത്യത്തിൻ മണിദീപമേ! കുളിരിളം
പൈമ്പാൽ പുകൾപൂരമേ!
പൗരോഹിത്യമതായ പാൽക്കടൽ കട-
ഞ്ഞുണ്ടായ പൂന്തിങ്കളേ!

ന്യായത്തിൻ തികവേ! പ്രജാവലി നമി—
ച്ചീടുന്ന യോഗീന്ദ്ര! ഈ
ലോകം നിൻ പുരുപുണ്യ കർമ്മമെവയും
നിത്യം സ്മരിയ്ക്കും ദൃഢം! 18

ലോകർക്കുള്ള സുഖാസുഖസ്ഥിതികളും
സ്വസ്ഥാപന ക്ഷേമവും
കാണാനായ് തിരുമേനിയന്നരമന—
ക്കെട്ടും കവാടങ്ങളും
പിന്നിട്ടിട്ടു കലാലയാങ്കണപുരോ—
ഭാഗത്തെഴും വൈദിക—
ത്താരങ്ങൾക്കിടയിൽ ശശാങ്കസമനായ്
കണ്ടുള്ളതിന്നോർപ്പു ഞാൻ! 19

മറവുള്ളോർക്കൊരു നല്ല മാതൃക പഠി—
പ്പിക്കാനൊരദ്ധ്യാപക—
പ്പട്ടം കെട്ടി, വിദഗ്ദ്ധമാം നിലയില—
ക്കർമ്മത്തെയങ്ങേററപോൽ;
എൻകണ്ണിന്നതു കണ്ടു നിർവൃതിയട—
ഞ്ഞീടാൻ മഹാഭാഗ്യ മു—
ണ്ടായില്ലെങ്കിലുമെൻെറ ഭാവനയിൽ ഞാൻ
കാണുന്നിതക്കാഴ്ചയേ! 20

കാൽത്താരൂഴിയിലൂന്നുമെങ്കിലുമഹോ
തന്മാനസം ക്രിസ്തുവിൻ
കാൽക്കൽ തന്നെ, കൃപാകടാക്ഷമവശ—
ന്മാരെ ത്തലോടുന്നതിൽ

മാത്രം വ്യാപൃതമാക്കി വാണരുളുമീ
മെത്രാനിരിയ്ക്കുന്നിടം
താനേയെൻ ഭവനൈകനാക; മഥവാ
നോക്കെന്തു കാമ്യംപരം?

21

ഉണ്ടങ്ങേയ്ക്കു ശുഭപ്രതീക്ഷ തടവീ—
ട്ടുൽഫുല്ല പത്മംകണ—
ക്കെന്നാലും സുഭഗാനനത്തിനകമ—
ങ്ങേതോ നിഴൽപ്പാടുകൾ;
ഹാ ഹാ സ്നേഹമയൻ ജഗത്തിനുടയോൻ
തൻ മാർഗ്ഗമയ്യോ! വെടി—
ഞ്ഞിപ്പേക്കൂത്തുകൾ ലോകർ കാട്ടുവതുക—
ണ്ടുണ്ടാം മനക്ലേശമോ?

22

ഈ ലോകയുദ്ധ പടുവഹ്നിയിൽ ശുഷ്കശഷ്പ—
ഗോളം കണക്കെരിയുമീ ഭുവനത്തെ വേഗം
നൽക്രൂശുകൊണ്ടുടനെ യേശുവണഞ്ഞെടുത്താ
സ്നേഹം തലോടണമതാമവിടേയ്ക്കു മോഹം!

23

ഇന്നങ്ങേയ്ക്കിത വെള്ളിജ്ജൂബിലിനട—
ക്കുന്നുണ്ടതിൽ ഭാഗഭാ—
ക്കാകുന്നു പുരവാസികൾക്കിടയിലു—
ള്ളാബാലവൃദ്ധം ജനം;
ആയില്ലിങ്ങതുകൊണ്ടുതൃപ്തി,യവിടേ—
യ്ക്കാഘോഷമരതങ്ങളേ—
കൊണ്ടേ ജൂബിലി രണ്ടുകൂടിയിനിയും
ഞങ്ങൾക്കു കൊണ്ടാടണം!

24

DEFINITIVE ... 1891

സ്തുതിസുമനിരയങ്ങേയ്ക്കിഷ്ടമില്ലെങ്കിലും പാഴ്—
പിശകുകൾ പലതെന്നിൽ വന്നുപോയെങ്കിലെന്തേ
സുഭഗത കുറവാണെന്നാലു മാത്മാർത്ഥതത്തു-
മണമെഴുമിവ കോർത്തി കാല്ക്കലായ് വച്ചിടുന്നേൻ.

സി. കുമാരൻ മൂസ്സതു്.

---

# ചിത്രോപഹാരം

ധനുർബ്ബന്ധം

മാനം പൂണ്ടു ചില ദിനം
മോദിക്കാറുണ്ടു മേദിനി,
നിസ്തുലം താനെന്നാൽ രോമ–
ഹർഷദം ജൂബിലീദിനം. 1

വാനം തന്നിൽ പതംഗങ്ങൾ
പാടുന്നു ഭാവുകം പരം,
രംഭാദിദ്രുമങ്ങൾ താളം
പിടിക്കേ, രമ്യമീദിനം. 2

കൊവേന്തകൾ മുഴക്കുന്നു
ഹർഷഗാനം രസാന്വിതം,
തമ്പുരാനു മഠം തോറും
കന്യമാർ നന്ദി ചൊല്ലവേ. 3

നൽലീജിയൻ ഓഫ് മേരി,
പരം വിൻസൻഷിയൻ സഭ,
ഭവാനിവ നേരുന്നിത
ഭാവുകാഞ്ജലിജ്ജൂബിലി. 4

മതാദ്ധ്യക്ഷഗണം ശീർഷ—
മതിങ്കൽ ചൂടിടും സുമം
മംഗളാന്വിതമീനമ്മെ-
പ്പരിപാലിച്ചിടുന്നിതാ! 5

അവിടുന്നിന്നലേ മെത്രാ—
നായതെന്നു നിനപ്പിവർ;
വർഷങ്ങൾ ഹർഷപൂർണ്ണങ്ങൾ
പാഞ്ഞെന്നാലറിയാഭുവി. 6

അമേയ ഭാവുകം ചേരും
പഞ്ച വിംശതി വത്സരം
രംഗസ്ഥിതമാക്കാൻതെല്ലും
പറവുകില്ലന്യരാക്ഷമേ. 7

അനേകകാലം ഹൃത്താരു
ചേർന്നോരാതങ്കമാകവേ
വേരറവുപോംതൻഫലിത—
മൊന്നുകേട്ടാൽപൊടുന്നനേ. 8

പരാദർശമന്യാദൃശം
സ്വന്തം ഫലിതചാതുരി,
രിപുവിന്നുമതത്യന്ത—
മോദമേകാതെയോ വരാ. 9

സ്വമേഷത്രാണോത്സുകൻസെൻറ്—
ബർക്ക്മൻസുകലാലയേ
യേശുവിൻഭക്തനി ധന്യൻ
ഗുരുവായിതുമുന്നമേ. 10

അവിതർക്കിതപാണ്ഡിത്യം
ശാസ്ത്രങ്ങളിലെഴും ഭവാൻ
വാൻ നേടുന്നതിനും വിദ്യ
ചൊന്നു“തർക്ക”ത്തിലും ഭുവി. 11

നേരംപോക്കോതിടാനന്നേ
കാണിച്ചോരു മിടുക്കിനേ
നേരായ് * ലീക്കൊക്കിനും വെല്ലാൻ
തെല്ലുമേ കിട്ടിടാ തരം. 12

"സീയേസി"സ്ഥാപനംകൊണ്ടു
വായ്ക്കുംകീർത്തിയോടീമിസം
സംശോഭിച്ചിട്ടുവാനൊരു
കാരണം താതനെന്നിയേ? 13

പ്രേഷിതാഗ്ര്യപ്രവൃത്തിക്കായ്
പുത്രർ ഭാരതമാകവേ
വേഗം പോയതിനോ മൂല-
മൊന്നുതാൻ നിജശേമുഷി. 14

പൌലോസുപുണ്യവാൻ മാത്രം
പ്രേഷിതത്വമതിങ്കലേ
ലേശമല്ലാത്ത സക്തിക്ക
തന്നിയ്ക്കിണ വഹിക്കിലോ. 15

അനാഥമന്ദിരം നിർമ്മി—
ച്ചേറെ വൃദ്ധജനത്തിനേ
നേരായ്ബാലരെയും രക്ഷി-
ച്ചീട്ടുന്നുവിഷമംവിനാ. 16

പ്രണേതാവവിടുന്നിപ്പേർ—
പൂണ്ട വിദ്യാലയത്തിനോ;
നോട്ടമുണ്ടിവിടേയ്ക്കെന്നും;
കലാശാല ജയിക്കണേ. 17

---
* പ്രഫസ്സർ സ്റ്റീഫൻ ലീക്കൊക്ക്

ഘോരം ഭീതികരം യുദ്ധം
ഖേദം വർഷിച്ചുകൊൾകവേ
വേണം ശാന്തി പൊഴിയ്ക്കാനീ—
പുണ്യവാനദ്ധ്യക്ഷൻചിരം. 18

ആരാധ്യമാമാരാധനാ—
മഠംതോറും സ്വകന്യമാർ
മാർജേംസിന്നു നവാശിസ്സു
നേരവേ,ഖേദമോ വരാ. 19

പാരം ഭരണകെല്ലേന്തും
വൈദികാദ്ധ്യക്ഷർതൻസുമം
മംഗളാനപിതം മിസത്തെ
രക്ഷിച്ചീടട്ടെ നിർഭരം. 20

ഗുണം പുത്രതതിക്കേകും
മെത്രാച്ചൻ നമ്മൾതൻമിസം
സംഫുല്ലഹർഷം പാലിച്ചു
നൂറുവർഷം ലസിക്കണം, 21

പരം പൊൻ,മണിചേൎന്നുള്ള
ജൂബിലിപ്പൂകൾ പൂണ്ടവാൻ
വാനിടം തീർത്തോരാ ദേവൻ
വർഷിക്കട്ടെ വരോല്ക്കരം. 22

പിതാവുതൻ രത്നോത്സവ—
ദിനം തനയർതൻനിര
രസമേല്പമനല്പം,ഞാൻ
പ്രാർത്ഥിക്കുന്നതിനായിതാ. 23

മാർതോമ്മാക്രൈസ്തവഗണം
വ്യാജഹീനം ചരിക്കവേ,
നമ്മെയിംപമായിപ്പോററും
മെത്രാച്ചൻ സജ്ജനാഗ്രിമൻ!
(രഥബന്ധം) 24

ഒമത്തീടും കീർത്തികിരണം
ചിത്രാഭാവനിയൊക്കവേ
സ്വാവനത്താൽ, പാലിക്കുമെൻ
മെത്രാനച്ചൻ ജയിക്കണം.
(രഥബന്ധം) 25

ജെ. മീനാട്ടൂർ.

---

# ആശംസ

(കേക)

I

കൈ തൊഴാം, മഹാനന്ദം
മന്നിനേകുവാൻ വന്ന
മഞ്ജുളരജതക—
ജൂബിലീനാളേ, തൊഴാം.
കൊടുതാമിരുൾ നീളെ—
പ്പുരത്തും സമരത്തിൻ
നടുവിൽപ്പോലും 'വെള്ളി'—
വിളക്കു കാണിപ്പൂ നീ!

ഈ രമ്യമുഹൂർത്തത്തിൽ
താതന്നു നവാശിസ്സു
നേരുകയത്രേ പുത്ര—
ർക്കുള്ളൊരു മഹാഭാഗ്യം!
ആനന്ദമല തള്ളും
പിഞ്ചുനെഞ്ഞൊന്നീ ഞങ്ങ—
ളാശംസചെയ്‌വൂ ജേംസു—
മെത്രാനു ശുഭവ്രാതം.

ഈ മഹോത്സവംമെല്ലെ—
ക്കടന്നുപോകും; പക്ഷേ
കാമിതം മറ്റൊന്നിപ്പോൾ
ഞങ്ങളിൽ മുളയ്ക്കുന്നു;

അങ്ങുതൻ സ്വർണ്ണോജ്ജ്വല-
　ജൂബിലിദ്യുതി കാണ്മാ-
നങ്ങടുത്തെത്തും ഞങ്ങൾ
　നീട്ടുമീ തെളിനേത്രം!

ആ വേളയണവോള-
　മിപ്പുണ്യദിവസത്തിൻ
മാധുര്യമേന്തും സ്മൃതി
　ഞങ്ങളിൽ ചേർക്കും ഹർഷം!

II

ഞങ്ങളിൽ വാത്സല്യത്തെ
　നിത്യവും പൊഴിക്കുന്ന
മംഗളാത്മാവേ, ഞങ്ങൾ
　സ്മരിപ്പൂ നിൻനേട്ടങ്ങൾ.
ഈ 'ബെർക്കുമാൻസാ'മങ്ങേ-
　യോമനമകൾക്കെന്നും
ചേർക്കയാണവിടുന്നു
　നവ്യമാം വിഭൂതികൾ.
എമ്പാടും പരക്കുമീ-
　വിജ്ഞാനക്ഷേത്രത്തിൻെറ
പൊൻപുകളറിഞ്ഞങ്ങു
　കോൾമയിർക്കൊള്ളുന്നുണ്ടാം!

ദീനലോകത്തെത്താങ്ങാ-
　നങ്ങയിൽ കുടികൊള്ളും
തീഷ്ണമാമഭിലാഷ-
　മെങ്ങെങ്ങും സുവിദിതം;

എങ്ങുമീ മിസ്സത്തിങ്ക-
ലങ്ങുതൻ മർത്ത്യസ്നേഹം
ഭംഗിയിൽവെളിവാക്ക—
മഗത്ഭവനങ്ങൾ
രൂപമുൾക്കൊള്ളാനായി-
ട്ടൊഴുകി ലക്ഷം 'വെള്ളി'-
രൂപ നിൻതിരുപ്പാദ-
ത്തിങ്കലേയ്ക്കുരക്ഷണാൽ!

ജയിക്ക മഹാത്മാവേ,
മേല്ക്കുമേൽ കാരുണ്യത്തെ
ജഗത്തിൻ നന്മയ്ക്കായി
വർഷിക്കുംകൃപാരാശേ.

III

ക്രൈസ്തവചൈതന്യം തൻ
പുത്രരിൽ തഴപ്പിക്കാൻ
പുത്തനാമൊരു മാർഗ്ഗം
നിൻതിരുവടി കണ്ടു;
ഏറെ നാളായില്ലല്ലോ
'സീ. ഏ. സീ'. നട്ടിട്ടെന്നാൽ
വാരിളംതളിർത്തൊത്തും
താരുമാർന്നു മിന്നീ.

ജ്ഞാനമാം സമുദ്രത്തെ
ത്തരണം ചെയ്യാൻ മുന്നം
പീനകൗതുകാലങ്ങു
സമുദ്രം പിന്നിട്ടല്ലോ;

എന്നുമങ്ങയിൽ വാഴ്കും
  വിജ്ഞാനസ്പൃഹവിദ്യാ-
മന്ദിരങ്ങൾളയെത്ര
  വിരചിച്ചതാതിടം!

ഒരുകൈകൾത്താം ക്രിസ്ത്യ-
  സാഹിതിക്കണിവാൻ നിൻ—
തിരുപ്പാണികൾ തീർത്തു
  രണ്ടു പൊൻ വിഭൂഷകൾ;
'ക്രിസ്തുദേവൻെറ വള-
  ത്തപ്പൻെറ ചരിതവും,'
'സ്നേഹനാഥ'ന്ന മാരെ-
  പ്പുളകം കൊള്ളിപ്പീല!

തൂലികേ, പോരും പോരും
  നിൻശ്രമം, കുറിച്ചെന്നാൽ
തീരുകയില്ലെൻ മെത്രാ-
  നച്ചൻെറ മഹത്വങ്ങൾ.

ഡി. സെബാസ്റ്റ്യൻ തകടിയേൽ.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| | | |

DC Library
*00004205*
T61 M79

T 61
M79

CANC 1891 F126

# വെള്ളിക്കതിർ

T61
M 79

T61
M79

സി. കുമാരൻ മൂസ്സതു്.
ജെ. മീനാട്ടൂർ.
ഡി. സെബാസ്റ്റ്യൻ തകടിയേൽ.